പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1263

06-03-2018 ൽ മറുപടിക്ക്

## നാളികേരം ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ

ചോദ്യം

ഡോ.എം. കെ. മുനീർ

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.പാറക്കൽ അബ്ദുല്ല

,, ടി.എ.അഹമ്മദ് കബീർ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാളീകേര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അത് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (എ) | 2017-18 വർഷം നാളികേര വർഷമായി പ്രഖ്യാപിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി 'കോക്കനട്ട് മിഷൻ ' രൂപീകരിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങൾ ഈ മിഷനിൽ പങ്കാളികളാകും. 2018 മുതൽ 2028 വരെ 10 വർഷത്തേയ്ക്കുള്ള ഒരു പാക്കേജിന് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അത് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും സംസ്ഥാനത്ത് ആദ്യഘട്ടം എന്ന നിലയിൽ ഈ സാമ്പത്തിക വർഷം കോക്കനട്ട് അഗ്രോ പാർക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി അഗ്രി ഫാമിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോപ്ലക്സിലുമാണ് സ്ഥാപിക്കുന്നത്. ഈ പദ്ധതികൾക്കായി KIIFB യിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തേങ്ങ ചിരകിയത്, തേങ്ങാപ്പൊടി, വെളിച്ചെണ്ണയും ആയുർവ്വേദ മൂലികകളും അടങ്ങിയ കേരജം കേശാമൃത് ഹെയർ ഓയിൽ മുതലായവ കേരഫെഡ് |

| | | | |
|---|---|---|---|
| | | | വിപണിയിൽ വിറ്റുവരുന്നു. കൂടാതെ തേങ്ങ വെള്ളത്തിൽ നിന്നും ലഘുപാനീയങ്ങൾ, വിനാഗിരി മുതലായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പഠനങ്ങൾ നടന്നുവരുന്നു. |
| (ബി) | കോഴിക്കോട്ടും മലപ്പുറത്തും നാളികേര പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തന്നെ നിലവിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ അവ എന്നത്തേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ? | | |

Fergson

സെക്ഷൻ ഓഫീസർ